**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5675** **24-03-2025 - ൽ മറുപടിയ്ക്ക്**

**അനധികൃത ഗ്യാസ് ഫില്ലിംഗ് കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അനധികൃത ഗ്യാസ് ഫില്ലിംഗ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് അനധികൃത ഗ്യാസ് ഫില്ലിംഗ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് നടത്തിയ പരിശോധനയിൽ കൊല്ലം, എറണാകുളം, പാലക്കാട് ജില്ലകളിൽ ആയത് കണ്ടെത്തിയിട്ടുണ്ട്. ഇത് നടത്തിയവർക്കെതിരെ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ഇത് സംബന്ധിച്ച് പോലീസിൽ കേസ് ഫയൽ ചെയ്തു നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ഗ്യാസ് ഫില്ലിംഗ് കേന്ദ്രങ്ങളിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിരുന്നോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും നിയമാനുസൃതമായ Explosive Licence ഇല്ലാതെയുമാണ് ടി കേന്ദ്രങ്ങൾ പ്രവത്തിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | അനധികൃത ഗ്യാസ് ഫില്ലിംഗ് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | അനധികൃതമായ ഗ്യാസ് ഫില്ലിംഗ് തടയുന്നതിനായി ജില്ലാ, താലൂക്ക് തലത്തിൽ നിരന്തര പരിശോധനകൾ നടത്തുകയും കൂടാതെ പരാതി ലഭ്യമാകുന്ന സ്ഥലങ്ങളിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പരിശോധനകൾ നടത്തി വരികയും ചെയ്യുന്നുണ്ട് . |

സെക്ഷൻ ഓഫീസർ